കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: :29.11.2023 മുതൽ 03.12.2023വരെ)

കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.കെ.ഡി.-95/2023	തീയ്യതി: 28/11/2023

എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

മഴ, മി.മീ	കൂടിയ താപനില, °C	കുറഞ്ഞ താപനില, °C	ആപേക്ഷിക ആർദ്രത, %	കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ
2.9	32.0 – 35.0	25.1 – 25.8	67 – 84	00 - 04

ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

സൂചിക	29-11-2023	30-11-2023	01-12-2023	02-12-2023	03-12-2023
മഴ, മി.മീ	0.1	2	7	8	2
കൂടിയതാപനില, °C	33	34	35	35	35
കുറഞ്ഞതാപനില, °C	25	25	25	26	26
കൂടിയആപേക്ഷികആർദ്രത, %	84	84	90	90	90
കുറഞ്ഞആപേക്ഷികആർദ്രത, %	67	67	72	72	72
കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ	4	2	4	4	4
കാറ്റിന്റെദിശ, ഡിഗ്രി	270	290	270	270	270
മേഘവിന്യാസം, ഒക്ടാ	6	8	8	8	8

സി. കാർഷിക നിർദ്ദേശങ്ങൾ

വിള	ഘട്ടം	പ്രശ്നങ്ങൾ	കാർഷികനിർദ്ദേശങ്ങൾ
	ശക്തികുറഞ്ഞ മഴ **		
പൊതുനിർദ്ദേശങ്ങൾ	ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലിയും അനുഭവപ്പെടും. നവംബർ 28 മുതൽ ഡിസംബർ 02 വരെ ശക്തികുറഞ്ഞ മഴ(ഇരുപത്തിനാലുമണിക്കൂറിൽ 2.5 മില്ലിമുതൽ 15.5 മില്ലിവരെ) ലഭിക്കും.		

പൊതുനിർദ്ദേശങ്ങൾ	മഴ ലഭിക്കും. വിത്ത് , വളം, കാലിത്തീറ്റ എന്നിവ ഈർപ്പം തട്ടാത്ത വിധം സൂക്ഷിച്ചു വെക്കുക. വിത്ത്, കൊപ്ര, റബര്, മലഞ്ചരക്കുകൾ എന്നിവ വെയിലത്തുണക്കുമ്പോൾ ജാഗ്രത പുലർത്തുക. തുലാവർഷ സമയത്തു ലഭിക്കുന്ന മഴ വെള്ളം മണ്ണിൽ പിടിച്ചുനിർത്താനായാൽ വരൾച്ച വരുന്നത് തടയാനും ജലസേചനം വൈകിപ്പിക്കാനും സഹായിക്കും. കൃഷിയിടങ്ങളിൽ നിന്നും വെള്ളം അമിതമായി വാർന്നു പോകുന്നത് തടയുക. വിലക്കട്ട് തടത്തിൽ ചകിരിചോറുപോലുള്ള ജലാഗിരണ ശേഷിയുള്ള വസ്തുക്കൾ വിതറുക, പുതയിടുക എന്നിവ ചെയ്യുക. വളം ചേർക്കാനായി തുറന്ന തടങ്ങൾ ജലം ശേഖരിക്കുന്നതിനും മണ്ണിൽ ജലം ഇറങ്ങി ചെല്ലുന്നതിനും സഹായിക്കും. ഒഴുകിപ്പോകുന്ന മഴവെള്ളം അവിടേക്കു തിരിച്ചു വിടുക, കാറ്റും വൈകുന്നേരങ്ങളിൽ ഇടിമിന്നലും സൂക്ഷിക്കുക. വൃക്ഷങ്ങളുടെ ചുവട്ടിൽ പശുക്കളെ പാർപ്പിക്കരുത് . വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. വാഴ പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക		
മഴക്കാല വെള്ളം കെട്ടിനിൽക്കുന്ന ഇടങ്ങളിൽ വൈകി നടുന്ന രണ്ടാം വിള(മുണ്ടകൻ)	മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. മണ്ണ് പരിശോധന സാധ്യമായില്ല എങ്കിൽ പറിച്ചു നടുന്നതിനു രണ്ടാഴ്ച മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി നന്നായി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം. പാടത്തെ വെള്ളവും പോഷകാംശങ്ങളും നഷ്ട്ടപെടാതിരിക്കാൻ ചുറ്റുമുള്ള വരബുകളിലെ വിള്ളലും ദ്വാരങ്ങളും ചളി ഉപയോഗിച്ച് അടയ്ക്കുക.		
പച്ചക്കറികൾ	തൈകൾ	മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും. പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.		
തെങ്ങ്	വിവിധ ഘട്ടം	കരിക്ക് പൊഴിച്ചിൽ 	കരിക്ക് പൊഴിച്ചിൽ കാണുകയും പൊഴിഞ്ഞു വീഴുന്ന മച്ചിങ്ങയുടെ മൊത്തിനു ചുറ്റും കൃത്യമായ അതിരുകളുള്ള അൽപ്പം കുഴിഞ്ഞ പാടുകൾ കാണുകയും ആണെങ്കിൽ പ്രൊപ്പിക്കോണസോൾ 1 മില്ലി അല്ലെങ്കിൽ ഹെക്സാകോണസോൾ 1 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തിളക്കിയ ലായനിയിൽ അഗ്രോവെറ്റ് പശ ഒരു മില്ലി ലിറ്റർ വീതം കലർത്തി കുലകളിൽ തളിക്കണം .

കുരുമുളക്	വിവിധ ഘട്ടം	ചീച്ചൽ രോഗം	മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക. ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക.
കശുമാവ്	കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം	തേയില കൊതുക്	ആദ്യ ഗഡു നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച ഇടങ്ങളിൽ രണ്ടാഴ്ച ക്കഴിഞ്ഞുവെങ്കിൽ രണ്ടാം ഗഡുവായി രണ്ടുഗ്രാം വീതം മാങ്കോസെബ് ഒരു ലിറ്ററിൽ വെള്ളത്തിൽ എന്നതോതിൽ കലർത്തി 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.
ഇളവൻ/ വെള്ളരി വർഗ്ഗ പച്ചക്കറികൾ	കായ പിടിക്കുന്ന ഘട്ടം	കായ ചീച്ചൽ	ഒരുലിറ്റർ വെള്ളത്തിൽ ഒരു മില്ലിലിറ്റർ ട്യൂബകൊണസോൾ എന്നതോതിൽ കലർത്തി തയ്യാറാക്കിയ കുമിൾ നാശിനി തളിക്കുക
ജാതി	കായ പിടിക്കുന്ന ഘട്ടം	കായ/ഇലപ്പുള്ളി രോഗം	0.2% (ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം) വീര്യമുള്ള കോപ്പർ ഓക്സീ ക്ലോറൈഡ് ലായനി തളിക്കുക
പശു	വിവിധ ഘട്ടം	തെയിലേരിയോസിസ്	തെയിലേറിയ ജനുസ്സിലെ ഹീമോ-പ്രോട്ടോസോവൻ പരാന്നഭോജികൾ മൂലമുണ്ടാകുന്ന ഒരു ടിക്ക് പരത്തുന്ന രോഗമാണ് തെയിലേരിയോസിസ്. വടക്കൻ കേരളത്തിൽ സാധാരണ കണ്ടുവരുന്ന ഉഷ്ണമേഖലാ തെയിലിയോസിസിനു കാരണമാകുന്നത് ടി ആനുലറ്റയാണ്. പനി, വീർത്ത ഉപരിപ്ലവമായ ലിംഫ് നോഡുകൾ എന്നിവയാണ് സ്വഭാവ ലക്ഷണങ്ങൾ, രോഗം പുരോഗമിക്കുകയാണെങ്കിൽ, കന്നുകാലികളുടെ അവസ്ഥ പെട്ടെന്ന് നഷ്ടപ്പെടും. **പ്രതിരോധത്തിനായി:** മൃഗങ്ങളെ അകാരാസൈഡുകൾ ഉപയോഗിച്ച് സ്പ്രേ ചെയ്യുന്നതോ മുക്കിയോ ആണ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രീതി

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

താക്കീത് (ഉടൻനടപടിയെടുക്കുക)	ജാഗ്രത (തയ്യാറാവുക)		ശ്രദ്ധ (കാതോർക്കുക)	നിസ്സാരം (നടപടികൾആവശ്യമില്ല)

ഒപ്പ്/-
നോഡൽ ഓഫീസർ

ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി